പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3030 **29-10-2026-ൽ മറുപടിയ്ക്ക്**

പോത്തുകൽ പഞ്ചായത്തിലെ മുണ്ടേരി ഗവൺമെന്റ് ഹൈസ്കൂളിന് ഹയർസെക്കൻഡറി അനുവദിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിലെ ആദിവാസി, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ പ്രധാന ആശ്രയമായ മുണ്ടേരി ഗവൺമെന്റ് ഹൈസ്കൂളിൽ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകൾ ഉൾപ്പെടെയുള്ള ഹയർ സെക്കൻഡറി വിഭാഗം അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

മറുപടി: ഹയർസെക്കന്ററി മേഖലാ ഉപമേധാവിമാർ സമർപ്പിക്കുന്ന പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത റിപ്പോർട്ട് പരിശോധിച്ചാണ് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഹയർ സെക്കന്ററി കോഴ്സുകൾ അനുവദിക്കുന്നത്. 2026-27 വർഷത്തിലെ മലപ്പുറം ഹയർസെക്കന്ററി മേഖലാ ഉപമേധാവിയുടെ പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത റിപ്പോർട്ടിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിലെ മുണ്ടേരി ഗവ.ഹൈസ്കൂളിൽ ഹയർസെക്കൻഡറി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

2027-28 വർഷത്തെ പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത റിപ്പോർട്ട് 2026-27 വർഷത്തെ പത്താം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടെ കണക്കാക്കി മേഖലാ ഉപമേധാവിമാർ തയ്യാറാക്കി വരുന്നു. ആയത് പരിശോധിച്ച് വിദ്യാഭ്യാസ ആവശ്യകത നിലനിൽക്കുന്നുണ്ടെങ്കിൽ മുണ്ടേരി ഗവൺമെൻറ് ഹൈസ്കൂളിൽ പുതുതായി ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ